(ബി&സി) ഉപയോഗശൂന്യമായ സി.എഫ്.എൽ.-കൾ സുരക്ഷിതമായി നശിപ്പിക്കുന്നതിന് റീസൈക്ലിംഗ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനായി ഒരു വിശദ പഠന റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. വിശദ പഠന റിപ്പോർട്ടിൽ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ഇതുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളുമായി ഇതിന്റെ പ്രായോഗികത ചർച്ച ചെയ്ത് അന്തിമ റിപ്പോർട്ട് തയ്യാറാക്കി വരുന്നതേയുള്ളൂ.

ഇലക്ട്രോണിക് മാലിന്യങ്ങൾ സൃഷ്ടിക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ

73 (419) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യവസായ വളർച്ചയുടെ ഭാഗമായും സമൂഹത്തിന്റെ മറ്റ് മേഖലകളുടെ വളർച്ചയ്ക്കുവേണ്ടിയും അത്യന്താപേക്ഷിതമായി കരുതി വിനിയോഗിക്കപ്പെടുന്ന ഇലക്ട്രോണിക്സ് ഉപകരണങ്ങൾ ഉപയോഗശൂന്യമായാൽ അതുമൂലം ഉണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ പരിഹരിക്കുവാൻ ബന്ധപ്പെട്ട വകുപ്പ് എന്ന നിലയിൽ കണ്ടെത്തിയിരിക്കുന്ന പരിഹാരമാർഗ്ഗങ്ങൾ എന്തെല്ലാമാണ് ; ഇതിനായി ചെലവിടുന്ന തുക എത്രയാണ് ; വ്യക്തമാക്കുമോ ;

(ബി) ഓഫീസുകളിൽ കുന്നുകൂടുന്ന ഇലക്ട്രോണിക്സ് മാലിന്യങ്ങൾ പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിക്കാത്തവിധം സംസ്കരിക്കുവാനും പുനരുപയോഗം നടത്തുവാനും പദ്ധതി തയ്യാറാക്കുമോ ; വിശദമാക്കുമോ ?

ഉത്തരം.

(എ&ബി) സംസ്ഥാനത്ത് ഇ-മാലിന്യം സംസ്കരിക്കുന്നതിനായി നിലവിൽ സംവിധാനങ്ങൾ ഇല്ല. എന്നാൽ നഗരകാര്യ വകുപ്പിനുകീഴിൽ അർബൻ സാനിട്ടേഷൻ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള ക്ലീൻ കേരള കമ്പനി സർക്കാർ ഓഫീസുകളിൽ നിന്നുൾപ്പെടെയുള്ള ഇ-മാലിന്യങ്ങളുടെ ശാസ്ത്രീയമായ പുനഃചംക്രമണവുമായി ബന്ധപ്പെട്ട് പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഗാർഹിക ഇ-മാലിന്യങ്ങൾ ശേഖരിക്കുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ധനസഹായമായി 2 ലക്ഷം രൂപ നടപ്പുവർഷം സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly